**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 710** **09-06-2021 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri Saji Cherian<br>(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വേലിയേറ്റരേഖയ്ക്ക് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ സുരക്ഷിതസ്ഥാനത്തേയ്ക്ക് മാറ്റി പുനരധിവസിപ്പിക്കുന്നതിനുള്ള പുനർഗേഹം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ, വിശദാംശം നൽകുമോ; | (എ) | ആവിഷ്കരിച്ചിട്ടുണ്ട്. തീരദേശത്ത് 50 മീറ്റർ വേലിയേറ്റ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്ന 2450 കോടി രൂപയുടെ ബൃഹദ് പദ്ധതിയാണ് പുനർഗേഹം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1398 കോടി രൂപയും ബാക്കി 1052 കോടി ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ 3 ഘട്ടങ്ങളിലായി പുനരധിവസിപ്പി ക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇവർക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകും. വ്യക്തിഗത ഗുണഭോക്താക്കൾക്ക് പുനരധിവാസത്തിന് സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സർക്കാർ തലത്തിൽ ഭൂമി കണ്ടെത്തി ഫ്ളാറ്റ് സമുച്ചയ നിർമ്മാണ പദ്ധതിയും വിഭാവനം ചെയ്യുന്നു. തീരദേശത്ത് നിന്നും മാറി താമസിക്കാൻ തയ്യാറായ കുടുംബങ്ങളുടെ സന്നദ്ധത ജില്ലാ കളക്ടർ ചെയർമാനായ സമിതി ഡി.എൽ.എ.സി അംഗീകരിച്ച് ഭൂമി കണ്ടെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 30/06/2021 വരെ 2014 പേർ ഭൂമി കണ്ടെത്തി വില നിശ്ചയിക്കുകയും 1528 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 261 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ ഇതിനകം എത്ര കുടുംബങ്ങളെ മാറ്റി പുനരധിവസിപ്പിക്കുവാൻ സാധിച്ചു; | (ബി) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി ഫിഷറീസ് വകുപ്പ് സർവ്വേ പ്രകാരം കണ്ടെത്തിയിരുന്നു. പിന്നീട് നടത്തിയ വിശദമായ സർവ്വെയുടെ അപ്പീലുകളുടെയും അടിസ്ഥാനത്തിൽ 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരുടെ എണ്ണം |

| | | | |
|---|---|---|---|
| | | | 20931 ആയി റിവൈസ് ചെയ്തിട്ടുണ്ട്. കടലാക്രമണ ഭീഷണിയിൽ കഴിയുന്ന ഇത്തരത്തിലുള്ള മുഴുവൻ ജനവിഭാഗങ്ങളെയും പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. തീരദേശത്ത് നിന്നും മാറി താമസിക്കാൻ തയ്യാറായ കുടുംബങ്ങളുടെ സന്നദ്ധത ജില്ലാ കളക്ടർ ചെയർമാനായ സമിതി ഡി.എൽ.എ.സി അംഗീകരിച്ച് ഭൂമി കണ്ടെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 30/06/2021 വരെ 2014 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ ജില്ലകളിലെ 9 കേന്ദ്രങ്ങളിലായി 1212 പേരെ പുനരധിവസിപ്പിക്കുവാൻ കഴിയുമാറ് ഫ്ലാറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (സി) | ഇനിയും എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാനുണ്ട്; | (സി) | മാറി താമസിയ്ക്കാൻ തയ്യാറായ 10275 കുടുംബങ്ങളിൽ 2740 പേർക്ക് ഫ്ലാറ്റും വ്യക്തിഗത ഭവനങ്ങളും തയ്യാറായി വരുന്നു. ഇനിയും 18191 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാനുണ്ട്. |
| (ഡി) | സംസ്ഥാനത്ത് കനത്ത കടലാക്രമണവും തീരശോഷണവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരം കുടുംബങ്ങളെ അടിയന്തിരമായി മാറ്റി പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | നടപടി സ്വീകരിച്ചു വരുന്നു |
| (ഇ) | ഈ പദ്ധതിയ്ക്ക് കേന്ദ്രസർക്കാരിന്റെ സാമ്പത്തികസഹായം ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഇ) | ഇല്ല. 'പുനർഗേഹം' പദ്ധതിയ്ക്കായി 1398 കോടി രൂപ ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. |

സെക്ഷൻ ഓഫീസർ